ജൂലൈ 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail: cherupushpamkuries@gmail.com
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 30**
**2024 ജൂലൈ**
**ലക്കം 7**

ചീഫ് എഡിറ്റർ
**ഫാ. വർഗ്ഗീസ് എടക്കളത്തൂർ** 9656020925

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. ജോയ്സി മരിയ 9072371675
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ബീന വിൻസെന്റ് 8848632006
നയന ഷാജു 9496760313

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415

## താളുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| നിസ്വാർത്ഥത സ്നേഹം | 04 |
| പ്രതിനിധി യോഗം തീരുമാനങ്ങൾ | 06 |
| കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ | 07 |
| ഓർമ്മിക്കുക ആചരിക്കുക | 09 |
| വിശ്വാസ പരിശീലനവാർത്തകൾ | 10 |
| ഡീക്കൻ | 11 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 13 |
| സി.എൽ.സി. വാർത്തകൾ | 17 |
| സ്വീകരിക്കൂ നാഥാ അനുഗ്രഹിക്കൂ | 19 |
| ബൈബിൾ ക്വിസ് | 20 |
| ഉരുക്കി വാർത്തെടുക്കുന്ന ദൈവം | 22 |
| വിശുദ്ധ കുർബ്ബാന നമ്മുടെ ജീവിതത്തെ.. | 23 |
| ഞങ്ങൾ വരവായി | 24 |
| ഇടവകയിലേക്ക് വന്നവർ | 24 |
| ജീവിതസായാഹ്നത്തിലേക്ക് ഒരെത്തിനോട്ടം | 25 |
| അറിയിപ്പ് | 26 |
| ജീവിതാനന്ദം | 27 |
| ചായക്കൂട്ട് മത്സരം | 28 |

**നടത്തുകൈക്കാരൻ**
ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

കവ്വർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



## ജീവിക്കുന്ന ഓർമ

വീണ്ടും ഒരു ദുക്റാന തിരുനാൾ കൂടി വന്നെത്തി. 'ജീവിക്കുന്ന ഓർമ' എന്നാണ് ഈ സുറിയാനി പദത്തിന്റെ അർത്ഥം. യേശുവിന്റെ പീഢാസഹനവും കുരിശുമരണവും ഉത്ഥാനവുമായാണ് ദുക്റാനയുടെ പ്രഥമബന്ധം. കാലക്രമേണ വി. തോമാശ്ലീഹായുടെ മരണവുമായി ദുക്റാന സുപരിചിതമാവുകയായിരുന്നു. മുൻകാലങ്ങളിൽ മലയാളി ക്രിസ്ത്യാനികൾ തോറാനയെ വിശേഷിപ്പിച്ചിരുന്നത് തിരിമുറിയാതെ പെയ്യുന്ന മഴയിൽ മലവെള്ളത്താൽ കുതിച്ചുപായുന്ന പുഴയിലൂടെ ആറ് ആനകൾ ഒഴുകിവരുന്ന ദിവസമായാണ്.

മാർത്തോമ ക്രിസ്ത്യാനികളായ നമ്മുക്ക് വിശ്വാസത്തിന്റെയും ധീരമായ പ്രതികരണത്തിന്റെയും ഉറവിടം തേടിയുള്ള തിരിച്ചുപോകലിന്റെ നാളുകളാണിത്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' - എന്ന മൂർച്ചയേറിയ വാക്കുകൾ ഗലീലിയിൽ മാത്രമല്ല ഭാരതത്തിലും, ഏത്യോപയിലും "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസപ്രഘോഷണത്തിലൂടെ പ്രകമ്പനം കൊള്ളുകയായിരുന്നു. അപരിചിതമായ നാട്ടിൽ വിശ്വാസത്തിന്റെ ശക്തി മാത്രമാണ് അദ്ദേഹത്തെ പരിചിതനാക്കിയത്. അന്ധകാരത്തിൽ കഴിഞ്ഞിരുന്നവർക്ക് പ്രകാശം നൽകാൻ എത്തിയ തോമായുടെ ത്യാഗത്തിന്റേയും വിശ്വാസത്തിന്റേയും തീഷ്ണത എത്ര ദൃഢമായിരിക്കണം അതുകൊണ്ടു തന്നെ നാഥനുവേണ്ടി പീഡകൾ സഹിച്ച് മരിക്കാൻ ശക്തി ലഭിച്ചു.



കേരളത്തിന്റെ ആദ്യ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെ തിരുന്നാൾ ജൂലായ് 28ന് ആഘോഷിക്കുമ്പോൾ അവൾ ഏറ്റെടുത്ത സഹനങ്ങളേക്കുറിച്ച് നമുക്ക് ധ്യാനിക്കാം. കാലത്തിന്റെ വിശ്വാസരാഹിത്യ പ്രവണതകളെ തിരിച്ചറിഞ്ഞ് ദൈവത്തിനായി നിലകൊള്ളുവാൻ വിശുദ്ധർ നമ്മെ സഹായിക്കട്ടെ.

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

പ്രാർത്ഥനയോടെ

**പത്രാധിപസമിതി**

# ഇടയശബ്ദം



സ്നേഹമുള്ള കുടുംബാംഗങ്ങളേ,



"ഭാരതം കതിരുകണ്ടു
ഭൂമുഖം തെളിവുകണ്ടു
മാർതോമാ നീ തെളിച്ച
മാർഗ്ഗത്തിലായിരങ്ങൾ
ആനന്ദ ദീപ്തി കണ്ടു"

ഈശോയുടെ 12 ശിഷ്യരിൽ ഏറ്റവും ധീരനായ തോമാസ്ശ്ലീഹായാൽ ഈശോയെ അറിയാൻ ഭാഗ്യം ലഭിച്ചവരാണ് നാം ഓരോരുത്തരും. തോമാസ് ശ്ലീഹായുടെ രക്തസാക്ഷിത്വത്തിരുന്നാൾ ആചരിക്കാനൊരുങ്ങുമ്പോൾ തോമാസ്ശ്ലീഹായാൽ ജ്വലിപ്പിക്കപ്പെട്ട എന്റെ ഹൃദയത്തിലെ വിശ്വാസക്കതിരിലേക്കൊന്നു നോക്കാം. എന്തുമാത്രം ഞാൻ അതിനെ ഉജ്ജ്വലിപ്പിച്ചു?.. എന്തുമാത്രം മറ്റുള്ളവരിലേക്ക് അതിനെ പകർന്നുനൽകി?

വിശ്വാസത്താൽ ജ്വലിക്കാനും വിശ്വാസജ്വാല മറ്റുള്ളവരിലേക്ക് പകരാനും ദുക്റാന തിരുനാളാഘോഷം നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും ദുക്റാന തിരുനാൾ ആശംസകളോടെ.

**വർഗ്ഗീസച്ചൻ**

# നിസ്വാർത്ഥത സ്നേഹം



സ്വർഗ്ഗവുമായി ബന്ധപ്പെടുത്തി ഒരു എഴുത്തുകാരന്റെ കഥ ഇപ്രകാരമാണ് ദൈവം സ്വർഗ്ഗത്തിലേക്കു കടന്നുവന്നപ്പോൾ അവിടെ സകല മനുഷ്യരും കയറിയിരിക്കുന്നതായി കണ്ടു. അതു ദൈവത്തിന്റെ നീതിബോധത്തിനും നീതിനിർവഹണത്തിനും നിരക്കുന്നതായി തോന്നിയില്ല. ദുഷ്ടനും നീതിമാനും നിരപരാധിയും വിശുദ്ധരുമെല്ലാം അവിടെ ആയിരിക്കുക എന്നത് എങ്ങനെ ന്യായീകരിക്കാൻ കഴിയും? അതുകൊണ്ടു ദൈവം ഒരു ശുദ്ധീകരണ പ്രക്രിയയ്ക്ക് മുതിർന്നു.

ദൈവം സിംഹാസനത്തിൽ ഉപവിഷ്ടനായി. സകലരെയും അവിടുത്തെ മുൻപിൽ വരുത്തി. പ്രധാന മാലാഖയോടു പത്തു കല്പനകൾ ഒരോന്നായി വായിക്കാൻ ദൈവം ആജ്ഞാപിച്ചു. ഒന്നാമത്തെ കല്പന വായിച്ചശേഷം ദൈവം ചോദിച്ചു. ഈ കല്പന ലംഘിച്ചിട്ടുള്ളവർ ആരെല്ലാം? അവർ നരകത്തിലേക്ക് ഉടൻ പൊയ്ക്കൊ



ള്ളട്ടെ. ഏറെപ്പേർ അപ്രകാരം ചെയ്തു. മറ്റു കല്പനകൾ ഓരോന്നായി വായിച്ചു. ആദ്യത്തെ നടപടിതന്നെ തുടർന്നു. ഏഴാമത്തെ കല്പനവരെ ആയപ്പോഴേക്കും സ്വർഗത്തിൽ ഒരാൾ മാത്രമേ അവശേഷിച്ചുള്ളു. സ്വയം സംതൃപ്തിയിൽ മുഴുകിയ അയാൾ അഭിമാനിച്ച് തല ഉയർത്തിയും നെഞ്ചു വിടർത്തിയും നിന്നു. ദൈവം നോക്കിയപ്പോൾ ഒരുവൻമാത്രം! ചുറ്റും വിജനതയും ശൂന്യതയും. ദൈവം പറഞ്ഞു "ഒരാൾ മാത്രമോ സ്വർഗത്തിൽ! അപ്പോൾ സ്വർഗം വളരെ ഏകാന്തവും വിരസ വുമാകുമല്ലോ?' അതുകൊണ്ടു ദൈവം ഉച്ചത്തിൽ എല്ലാവരോടുമായി ആജ്ഞാപിച്ചു. "എല്ലാവരും തിരിച്ചുവരിക' എല്ലാവരോടും ദൈവം ക്ഷമിച്ചെന്നും എല്ലാവർക്കും സ്വർഗ്ഗം നല്കുന്നു എന്നും കേട്ടപ്പോൾ സ്വന്തം ധാർമ്മികതയിൽ അഹമ്മതി പൂണ്ടവ നുമായ ആ ഏകാന്തൻ രോഷം നിറഞ്ഞവനായി ദൈവത്തോടു പരാതിപ്പെട്ടു. "ഇതു തികച്ചും അനീതിയാണ്. ഇങ്ങനെയാണു കാര്യമെന്ന് എന്നോട് എന്തുകൊണ്ടാണു നേരത്തെ പറയാഞ്ഞത്." കഥ ഇവിടെ അവസാനിക്കുന്നു!

ഈ കഥയിൽ പറയുന്ന സ്വാർത്ഥ മനോഭാവം നാം ഓരോരുത്തരുടേയും ആത്മീയ ജീവിതത്തിന് വിലങ്ങുതടിയായേക്കാവുന്ന ഒന്നാണ്. വിശുദ്ധ ഗ്രന്ഥ ത്തിൽ യേശുക്രിസ്തു ധൂർത്തപുത്രന്റെ ഉപമയിൽ രണ്ടു പുത്രന്മാരെ അവതരിപ്പി ക്കുന്നതായി നമുക്കു കാണാം ഇതിൽ പിതാവിനെ അനുസരിച്ചുനിന്ന ആ മകന്റെ മനോഭാവം ഈ കഥയോട് സാമ്യമുള്ളതാണ്. ധൂർത്തനായ മകനെ പിതാവു സന്തോഷ പൂർവ്വം സ്വീകരിച്ചതിൽ സന്തോഷമല്ല, അമർഷവും കോപവുമാണ് അവനിൽ ആളിക്കത്തിയത്. ഈ മൂത്തമകന്റെ തനിപ്പകർപ്പാണു നാം സ്വർഗത്തിൽ കണ്ട ഏകാ ന്തൻ, ഇരുവരുടെയും മനോഭാവത്തിനും സമീപനത്തിനും സാമ്യമുണ്ട്.

ഇത്തരത്തിൽ സ്വർഗപ്രവേശം സാധ്യമായിരുന്നെങ്കിൽ അവൻ കല്പനകൾ പാലിക്കുവാൻ ശ്രമിക്കുമായിരുന്നില്ലെന്ന് അവന്റെ വാക്കുകൾ വെളിപ്പെടുത്തുന്നു. ബാഹ്യമായ സമ്മർദംകൊണ്ടുള്ള സ്വാർത്ഥപരമായ ലക്ഷ്യത്തിനുമുപരിയായി ദൈവത്തോടുള്ള സ്നേഹമാണ് നമ്മുടെ ഹൃദയങ്ങളെ ഭരിക്കേണ്ടത്. എന്തുകൊണ്ടെ ന്നാൽ 'അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കു ന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.' (യോഹന്നാൻ 3 : 16). ആ സ്നേഹത്തെ മനസ്സിലാക്കി സഹായമർഹിക്കുന്നവനു നൽകുന്ന നിസ്വാർത്ഥമായ മനസ്സിനുടമകളായി, ജീവിതം കൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ഡീക്കൻ ആൽവിൻ പട്ടേക്കൽ**

# പ്രതിനിധി യോഗം തീരുമാനങ്ങൾ 16.6.2024

1. 2024 മെയ്മാസത്തിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗ റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
2. പള്ളിയുടെ സംഘടനകൾ ഉൾപ്പെടെയുള്ള കണക്കുകൾ പള്ളി ഓഫീസിൽ കണക്ക് നൽകി പള്ളി അക്കൗണ്ടിൽ വരവുവെച്ച് മുന്നോട്ട് പോകണം എന്ന ഓഡിറ്ററുടെ നിർദ്ദേശം പ്രതിനിധിയോഗം അംഗീകരിച്ചു.
3. നിലവിൽ കേസ് ഉള്ള കെട്ടിടത്തിലെ വാടകക്കാരുടെ വാടക സ്വീകരിക്കാതെ TDS അടക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് ചർച്ച ചെയ്തതിൽ നിലവിൽ നിയമ ഉപ ദേശം തേടി കേസ്സ് കൊടുക്കേണ്ടതായി വന്നാൽ കേസ് കൊടുത്ത് മുന്നോട്ട് പോകാൻ തീരുമാനിച്ചു.
4. കാർഷിക കാര്യങ്ങൾ വികാരിയച്ചനും കൈക്കാരന്മാരും നോക്കി വേണ്ടുംവിധം ചെയ്യുക. കായ്ഫലം ഇല്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റാനും തീരുമാനിച്ചു.
5. പള്ളി ഭൂമിയുടെ കുറച്ച് ഭാഗങ്ങളിൽ നിലം എന്നത് മാറ്റാൻ അധികാരികൾ മുമ്പാകെ സമർപ്പിച്ച അപേക്ഷകളിൽ ഉചിതമായ നടപടികൾ കൈക്കൊള്ളാനും ആവശ്യമെങ്കിൽ കൊടതിയെ സമീപിക്കാവുന്നതാണെന്നും അല്ലാത്ത പക്ഷം പള്ളിപണിക്കാവശ്യമായ സ്ഥലം സംഖ്യ സർക്കാരിൽകെട്ടി നിലം എന്നത് പുരയിടം ആക്കി മാറ്റാൻ വരുന്ന ചിലവ് കണക്കാക്കി ഉചിതമായ തീരുമാനം കൈക്കൊള്ളാനും തീരുമാനിച്ചു.
6. പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന നിർമ്മാണ പ്രവൃത്തികൾ regularise ചെയ്യുന്നതിന്, നിലവിലെ പള്ളി ഷോപ്പിംഗ് കോംപ്ലക്സ് മുൻവശം കോൺവെന്റ് സ്കൂളിനോട് ചേർന്ന് കെട്ടിടം പണിയേണ്ടതില്ല എന്നും അപേക്ഷ പിൻവലിക്കാനും തീരുമാനമായി.
7. പള്ളിയുടെ മണിമാളിക ബലപ്പെടുത്താൻ തീരുമാനിച്ചു. വികാരിയച്ചനേയും കൈക്കാരന്മാരേയും ചുമതലപ്പെടുത്തി.
8. കുടുംബകാർഡുകൾ കറക്ഷനും അനുബന്ധമായി പ്രവർത്തിക്കാനും പ്രിൻസണെ ചുമതലപ്പെടുത്തി. പ്രതിമാസം 3000 രൂപയും ആഴ്ചയിൽ മണിക്കൂർ അടിസ്ഥാനപ്പെടുത്തി സേവനം നിശ്ചയിച്ചു.
9. സെ. സെബാസ്റ്റ്യൻ യൂണിറ്റിലെ അംഗം പ്ലാക്കൽ ഷാജു ഭാര്യ ആനീസ് എന്നിവരുടെ അപേക്ഷയിൽ മകളുടെ വിവാഹ ആവശ്യാർത്ഥം 50000 രൂപ അനുവദിച്ചു.
10. സെ. പോൾസ് യൂണിറ്റിലെ ടി.എസ്. യേശുദാസിന്റെ അമ്മയുടെ ചികിത്സാവശ്യാർത്ഥം 50000 രൂപ അനുവദിച്ചു.

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
പ്രതിനിധിയോഗ സെക്രട്ടറി

# ഇടവക കുടുംബകൂട്ടായ്മ കേന്ദ്ര സമിതി നടത്തിയ ഏകദിന വിനോദയാത്ര



ഏപ്രിൽ 27 ശനിയാഴ്ച രാവിലെ വി. കുർബാനയ്ക്ക് ശേഷം വികാരി വർഗ്ഗീസച്ചന്റെ പ്രാർത്ഥനയ്ക്ക് ശേഷം എറണാകുളത്തേക്കായിരുന്നു വിനോദയാത്ര. ഡീക്കൻ ആൽവിൻ ബ്രദറിനോടൊപ്പം 46 പേരും, 5 ചെറിയ കുട്ടികളും ഉൾപ്പെടെ 52 പേർ പങ്കെടുത്തു. ആലുവ മുതൽ പത്തടി പാലം വരെ മെട്രോ ട്രെയിൻ യാത്രയും, ഇടപ്പള്ളി പള്ളി, മട്ടാഞ്ചേരി സിനഗോവ്, ജൂ സ്ട്രീറ്റ്, മ്യൂസിയം, ഫോർട്ട് കൊച്ചി, മറൈൻ ഡ്രൈവ് സന്ദർശിച്ച് ഹൈക്കോടതി ബോട്ട് ജെട്ടിയിൽ നിന്ന് വൈപ്പിൻ വരെ മെട്രോ ബോട്ടിൽ യാത്രയും നടത്തി, വല്ലാർപ്പാടം പള്ളിയും, കുഴുപ്പിള്ളി ബീച്ചും സന്ദർശിച്ച് രാത്രി 10 മണിക്ക് മടങ്ങിയെത്തി.

## ജൂൺ 2 ന് ചേർന്ന യോഗ തീരുമാനങ്ങൾ

പാരീഷ് ബുള്ളറ്റിൻ മാനേജിങ് എഡിറ്റർ എല്ലാം മാസത്തെ കൂട്ടായാമ മീറ്റിംഗിൽ ഉൾപെടുത്തുവാൻ തീരുമാനിച്ചു

ജൂൺ 30 ജനറൽ ബോഡി രാവിലെ കുർബാനക്ക് ശേഷം. പങ്കെടുക്കേണ്ടവർ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ.

കൂട്ടായാമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ജൂലൈ 21 3 മണി മുതൽ 4.30 വരെ സെമിനാർ ഉണർവ് എന്ന പേരിൽ സംഘടിപ്പിക്കുന്നു.പങ്കെടുക്കേണ്ടവർ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, ട്രഷരർ

പെൻഷൻ പ്രവർത്തനങ്ങൾ സുഖമാക്കി മുന്നോട്ടുപോകുന്നതിന് യൂണിറ്റ് തലത്തിൽ സ്പോൺസർമാരെ കണ്ടു പിടിക്കുമലോ.

# യൂണിറ്റ് മീറ്റിംഗ് പുതുക്കിയ സമയക്രമം

**ആദ്യ ഞായർ**

| | |
|---|---|
| ലിറ്റിൽ ഫ്ളവർ | 2.45 |
| സെന്റ് ആന്റണി | 3.30 |
| ഹോളി ഫാമിലി | 4.15 |
| സെന്റ് ജോസഫ് | 5.00 |
| സെന്റ് അൽഫോൺസ | 5.45 |

**രണ്ടാം ഞായർ**

| | |
|---|---|
| മഡോണ | 2.45 |
| സെന്റ് പോൾ | 3.30 |
| സെന്റ് സെബാസ്റ്റ്യൻ | 4.15 |
| സെന്റ് മേരീസ് | 5.00 |
| സെന്റ് ജോൺസ് | 5.45 |

**മൂന്നാം ഞായർ**

| | |
|---|---|
| ക്രിസ്തുരാജ | 2.45 |
| ഹോളി ട്രിനിറ്റി | 3.30 |
| സെന്റ് തോമസ് | 4.15 |
| സെന്റ് സേവിയാർ | 5.00 |
| സെന്റ് പീറ്റർ | 5.45 |

കൂട്ടായാമയുടെ പ്രവർത്തനങ്ങൾ ഫണ്ട് റൈസ് നു വേണ്ടി 100 രൂപയുടെ കൂപ്പൺ ഇറക്കുവാൻ തീരുമാനിച്ചു
ഡിസംബർ മാസത്തിൽ കലാ മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു
ഗോവ പിക്നിക് പോകുവാൻ തീരുമാനിച്ചു
കേന്ദ്രസമിതി വാർഷികം നന്നായിരുന്നു എന്ന അഭിപ്രായം രേഖപെടുത്തി.

ഉണർവ് കൺവീനർ അഡ്വക്കേറ്റ് rusel
കൂപ്പൺ കൺവീനർ സെബാസ്റ്റ്യൻ ഒഴുകയിൽ
കല മത്സരങ്ങൾ മേരി ടീച്ചർ
പിക്നിക് ടോണി തരകൻ, ഫ്ളോറൻസ് ടീച്ചർ
Best unit form റിവിഷൻ കമ്മിറ്റി ജോസഫ്, സുരേഷ് ജേക്കബ്

**സെക്രട്ടറി ജോർലിൻ ജോഷി**

# യൂണിറ്റ് വാർഷികങ്ങൾ

| | |
|---|---|
| സെന്റ് ആന്റണി | ജൂൺ 23 |
| സെന്റ് സെബാസ്റ്റ്യൻ | ജൂൺ 30 |
| സെന്റ് പീറ്റർ | ജൂൺ |
| സെന്റ് തോമസ് | ജൂലൈ21 |
| സെന്റ് അൽഫോൺസ | ജൂലൈ 28 |
| സെന്റ് പോൾ | |
| സെന്റ് ജോൺ | |
| ലിറ്റിൽ ഫ്ളവർ | ഒക്ടോബർ 6 |
| സെന്റ് മേരീസ് | സെപ്റ്റംബർ |
| ക്രിസ്തുരാജ | നവംബർ24 |
| സെന്റ് സേവ്യാർ | ഡിസംബർ 8 |
| ഹോളി ഫാമിലി | ഡിസംബർ 29 |




## ഓർമ്മിക്കുക ആചരിക്കുക

### 2024 ജൂലൈ

| | | |
|---|---|---|
| 03.07.2024 | ബുധൻ | ദുക്റാന |
| 06.07.2024 | ശനി | വി. മരിയാ ഗൊരേത്തി |
| 09.07.2024 | ചൊവ്വ | വി. വെറോനിക്ക |
| 11.07.2024 | വ്യാഴം | വി. ബനഡിക്റ്റ് |
| 14.07.2024 | വെള്ളി | വി. കമില്ലസ്സ് |
| 16.07.2024 | ചൊവ്വ | കർമലമാതാവ് |
| | | പാലൂയൂർ തർപ്പണതിരുനാൾ |
| 25.07.2024 | വ്യാഴം | ദൈവദാസി സി. മരിയ സെലിൻ, യാക്കോബ് ശ്ലീഹ |
| 26.07.2024 | വെള്ളി | വി. അന്നാ ജോവാക്കിം |
| 28.07.2024 | ഞായർ | വി. അൽഫോൻസാമ്മ |
| 31.07.2024 | ബുധൻ | വി. ഇഗ്നേഷ്യസ് ലയോള |



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

"എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസത്തിൽ ജീവിക്കാൻ "അവനോടൊപ്പം പോയി മരിക്കാനുള്ള" സന്നദ്ധത പ്രകടിപ്പിച്ച് ഭാരതമണ്ണിൽ സുവിശേഷത്തിന് സാക്ഷ്യം വഹിച്ച് ധീരരക്തസാക്ഷിയായ മാർ തോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക, വിശ്വാസപരിശീലനത്തെ ഫലപ്രദമായി നടത്തുന്നതിന് നമ്മെ ഓരോരുത്തരേയും പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ജൂലൈ 3 - ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

ജൂൺ 2-ാം തിയ്യതി ഞായറാഴ്ച കാലത്ത് 8 മണിക്ക് ഇടവക ദൈവാലയത്തിൽ വെച്ച് ബഹുമാനപ്പെട്ട ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് എടക്കളത്തൂർ അച്ചന്റെ നേതൃത്വത്തിൽ വർഷാരംഭ പ്രാർത്ഥനയോടുകൂടി ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. നമ്മുടെ യൂണിറ്റിലേക്ക് പുതിയ അധ്യാപകരായി വന്ന റവ. സി. നിത്യ കാതറിനേയും ശ്രീമതി റോഷ്നി ജോയ് ടീച്ചറേയും വികാരിയച്ചൻ പൂക്കൾ നൽകി സ്വീകരിച്ചു. ഈ വർഷം നഴ്സറി, ക്ലാസ് 1 എന്നീ ക്ലാസ്സുകളിലേക്കും മറ്റ് ക്ലാസ്സുകളിലേക്കും പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ബൊക്കെയും ബലൂണുകളും നല്കി സ്വാഗതം ചെയ്തു. അതിന് ശേഷം വികാരിയച്ചനും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ദൈവാലയ പരിസരത്ത് വൃക്ഷത്തൈകൾ നട്ട് പരിസ്ഥിതി ദിനാചരണം നടത്തുകയുണ്ടായി.

ടെക്സ്റ്റ് ബുക്കുകൾ, ബൈബിൾ വചനപഠനസഹായി, Non - Detailed Books എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുകയുണ്ടായി. ആബാ വർഷം ആയി ആചരിക്കുന്ന ഈ അധ്യയനവർഷം "കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനം" എന്നതാണ് നാം എടുത്തിട്ടുള്ള വിഷയം. ഈ സാഹചര്യത്തിൽ നമ്മുടെ ഈ വർഷത്തെ പി.ടി.എ. ജനറൽ ബോഡിയോഗം ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4.30 വരെയുള്ള സമയത്ത് നടത്തപ്പെടുന്നു. അന്നേ

ദിവസം മാതാപിതാക്കൾക്കായി ബഹുമാനപ്പെട്ട റവ.ഫാ. രാജു അക്കര അച്ചൻ നയിക്കുന്ന ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ വിശ്വാസപരിശീലനം നടത്തുന്ന എല്ലാ വിദ്യാർത്ഥികളുടെയും മാതാപിതാക്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ഈ വർഷത്തെ "ലോഗോസ് ക്വിസ് 2024" പരീക്ഷ സെപ്തംബർ 29-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30 മുതൽ 4 മണിവരെ ആയിരിക്കും നടത്തപ്പെടുക. പ്രസ്തുത പരീക്ഷയിൽ ക്ലാസ് 5 മുതൽ എസിസി വരെയുള്ള എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കണമെന്നും അതിന് അവരെ പ്രോത്സാഹിപ്പിക്കണമെന്ന് എല്ലാ മാതാപിതാക്കളോടും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ആദ്യ മിഡ് ടേം പരീക്ഷ ഈ മാസം (ജൂലൈ) 28ാം തിയ്യതി ഞായറാഴ്ച കാലത്ത് വിശ്വാസപരിശീലന ക്ലാസ്സുകളുടെ സമയത്ത് നടത്തുന്നതായിരിക്കും. പാഠഭാഗങ്ങൾ ക്ലാസ്സ് ടീച്ചേഴ്സ് വിദ്യാർത്ഥികളേയും മാതാപിതാക്കളേയും പ്രത്യേകം അറിയിക്കുന്നതായിരിക്കും. നമ്മുടെ കുട്ടികൾ കാലത്ത് 7.55ന് തന്നെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ എത്തുന്നുണ്ടെന്നും അവർ രണ്ടാമത്തെ കുർബാനയിൽ പങ്കെടുക്കുന്നുണ്ടെന്നും മാതാപിതാക്കൾ ഉറപ്പുവരുത്തുമല്ലോ.

വി. തോമാശ്ലീഹായുടെ മാധ്യസ്ഥവും സംരക്ഷണവും യാചിച്ചുകൊണ്ട് തോമാശ്ലീഹായെപ്പോലെ ക്രിസ്തുവിലുള്ള വിശ്വാസം പ്രഖ്യാപിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടും സ്നേഹപൂർവ്വം,

**ഡോ. ജോയ് കരേരക്കാട്ടിൽ**, പ്രിൻസിപ്പാൾ

---

# ഡീക്കൻ

നമ്മുടെ ഇടവകയ്ക്ക് ആദ്യമായി ഒരു ഡീക്കനെ കിട്ടിയ അവസരമാണല്ലോയിത്. കുട്ടികൂട്ടായ്മകൾ മാത്രമല്ല വലിയ കൂട്ടായ്മകളിലും നേരുപറഞ്ഞാൽ ഇടവക മുഴുവനെയും ഒരു ഉണർവ്വിലേക്ക് നയിക്കുകയാണ് ഡീക്കൻ ആൽവിൻ. ഡീക്കൻ പദവിയുടെ അർത്ഥവ്യാപ്തിയിലേക്ക് നമുക്കൊന്നു ചിന്തിക്കാം. ക്രൈസ്തവസഭകളിലെ ഒരു വൈദീക പദവിയാണ് ഡീക്കൻ അഥവാ ശെമാശൻ. മ്ശംശാന എന്ന സുറിയാനി പദത്തിൽനിന്നാണ് ശെമാശൻ ഉത്ഭവിച്ചത്. ഈ പദത്തിനർത്ഥം ശുശ്രൂഷകൻ എന്നാണ്. ക്രൈസ്തവസഭകളുടെ തുടക്കം മുതലേ ഈ ഡീക്കൻ പദവി ഉണ്ട്. ജീവിതാന്ത്യം വരെ തുടരാവുന്ന ഒന്നായിരുന്നു ആരംഭകാലത്ത് ഈ പദവി. എന്നാൽ പിന്നീട് പൂർണ്ണ വൈദീകനാകുന്നതിന് മുമ്പുള്ള കാലഘട്ടമായി ഡീക്കൻ പദവി പരിമിതപ്പെട്ടു. കേരളത്തിലില്ലെങ്കിലും പുറത്തുള്ള ക്രൈസ്തവസഭകളിൽ സ്ത്രീകളും ഈ പദവി വഹിച്ചിരുന്നു. ഇവരെ മ്ശെം ശോനീസോ എന്നാണ് വിളിക്കുക. മദ്ബഹയിൽ കയറാൻ ഇവർക്കു അനുവാദമില്ല, അതിനാൽ തന്നെ രോഗീപരിചരണമാണിവർ ചെയ്തിരുന്നത്.

- ജിപ്സി റാഫി, സെന്റ് തോമാസ്

തൃശ്ശൂർ അതിരൂപത
ബൈബിൾ പ്രേഷിതത്വം ഒരുക്കുന്ന

# ലോഗോസ് & വെരിത്താസ് ക്വിസ്സ് 2024



പരീക്ഷ ഫീസ് ₹20

## പഠന ഭാഗങ്ങൾ

**ന്യായാധിപന്മാർ:1-10, പ്രഭാഷകൻ: 34-40**
**ലൂക്കാ: 9-16, 2 കോറിന്തോസ്: 7-13**

## വെരിത്താസ് ക്വിസ് മത്സരങ്ങൾ

**സെന്റ് തോമസ് കോളജ്**
ഹയർ സെക്കൻഡറി സ്കൂൾ ഹാൾ, 2:00 pm 4:00 pm

**2024 ഓഗസ്റ്റ് 11**
ടീച്ചേഴ്സ് വെരിത്താസ് ക്വിസ്

**2024 ഓഗസ്റ്റ് 18**
കാറ്റിക്കിസം വെരിത്താസ് ക്വിസ്

**2024 ഓഗസ്റ്റ് 25**
ഫാമിലി വെരിത്താസ് ക്വിസ്

**2024 സെപ്റ്റംബർ 01**
സമർപ്പിത വെരിത്താസ് ക്വിസ്

**2024 സെപ്റ്റംബർ 08**
വചനമെഴുത്ത് മത്സരം

- ആകർഷകമായ ക്യാഷ് അവാർഡുകൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ
- കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റുകൾ
- അതിരൂപത തലത്തിൽ ഓരോ ഗ്രൂപ്പിലെയും ആദ്യത്തെ 3 റാങ്കുകാർ സംസ്ഥാനതല പരീക്ഷക്ക് യോഗ്യത നേടുന്നു.
- A ഗ്രൂപ്പിൽ 60 നും, B-F ഗ്രൂപ്പുകളിൽ 70 നും മുകളിൽ മാർക്ക് നേടുന്നവർക്ക് സർട്ടിഫിക്കറ്റുകൾ.
- ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് പ്രത്യേക സമ്മാനങ്ങൾ.
- വിശ്വാസികളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയ ഇടവകകൾക്ക് പ്രത്യേക സമ്മാനങ്ങൾ.
- രജിസ്ട്രേഷന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയ്ക്ക് ഇരുത്തിയ ഇടവകകൾക്ക് പ്രത്യേക സമ്മാനങ്ങൾ

### പ്രായ വിഭാഗങ്ങൾ

**A വിഭാഗം { 11 വയസ്സ് }**
1- 1-2013 നും അതിനുശേഷവും ജനിച്ചവർ

**B വിഭാഗം { 12 - 16 വയസ്സിനും ഇടയിൽ }**
1- 1- 2008 നും 31-12-2012 നും ഇടയ്ക്ക് ജനിച്ചവർ

**C വിഭാഗം { 17 - 31 വയസ്സിനും ഇടയിൽ }**
1-1-1993 നും 31-12-2007 നും ഇടയ്ക്ക് ജനിച്ചവർ

**D വിഭാഗം { 32 - 51 വയസ്സിനും ഇടയിൽ }**
1-1-1973 നും 31-12-1992 നും ഇടയ്ക്ക് ജനിച്ചവർ

**E വിഭാഗം { 52 - 64 വയസ്സിനും ഇടയിൽ }**
1-1 -1960 നും 31-12 -1972 നും ഇടയ്ക്ക് ജനിച്ചവർ

**F വിഭാഗം { 65 വയസ്സിനു മുകളിൽ }**
31-12-1959 നും അതിനു മുമ്പും ജനിച്ചവർ

### രജിസ്ട്രേഷൻ

**2024 ജൂൺ 01 മുതൽ**
**2024 ജൂലായ് 31 വരെ**
Online Registration:
www.veritasquiz.org

### ഉപയോഗിക്കേണ്ട ബൈബിൾ

POC ബൈബിൾ (3rd edition 2001)
NRSV Catholic Edition

### പരീക്ഷ തിയ്യതി

അതിരൂപതതല പരീക്ഷ 2024
**സെപ്റ്റംബർ 29**
സംസ്ഥാനതല പരീക്ഷ 2024
**നവംബർ 10, 23, 24**

Animator Name : ..............................
Mob: ..............................................

**BIBLE PRESHITHATHWAM**
Trichur Archdiocese
Ph:7558937090, 8281806460

# കുടുംബകൂട്ടായ്മ വാർത്തകൾ

## സെൻ്റ് തോമാസ് കുടുംബക്കൂട്ടായ്മ

16.06.2024 ഉച്ചകഴിഞ്ഞ് 4.30ന് അഡ്വ. പൗലോസ് കണ്ണംമടത്തിയുടെ ഭവനത്തിൽവച്ച് സെ.തോമസ് കൂട്ടായ്മയിലെ അംഗങ്ങൾ ഒത്തുചേർന്നു. ബഹു. വികാരിയച്ചൻ ഫാ. വർഗ്ഗീസും, ഡീക്കൻ ആൽവിനും കൂടാതെ അനിമേറ്റേഴ്സായ ബഹു.സി. റോസ് ജെയിനും സി. സ്മിത മരിയയും യോഗത്തിൽ സന്നിഹിതരായിരുന്നു. പുതിയ അനിമേറ്റേഴ്സിനെ ബൊക്കെ കൊടുത്തു സ്വീകരിച്ചു. ഗൃഹനാഥൻ സ്വാഗതം പറഞ്ഞു. സെ. തോമാസ് ഡെ ആയ ജൂലായ് 3ന് കുർബാനയിൽ കാഴ്ച സമർപ്പിച്ച് പങ്കെടുക്കാൻ തീരുമാനമെടുത്തു. ആ മാസം 3-ാം ഞായർ 5 pm ന്, സെ. മേരീസ് ഹാളിൽവച്ച് വാർഷികം ആഘോഷിക്കാനും തീരുമാനിച്ചു. ഡീക്കൻ തിരുഹൃദയഭക്തി എങ്ങനെ വർദ്ധിപ്പിക്കാം എന്നു വിവരിച്ചു പറഞ്ഞു. 12 മാസത്തിന്റേയും പ്രത്യേകതയെപ്പറ്റി മനസ്സിലാക്കി തന്നു. ബൈബിൾ വായനയും പ്രാർത്ഥനയും നടത്തി. നറുക്കെടുപ്പിൽ ആന്റണി ചീരോതക്ക് കുറി വീണു. 6 pm ഓടെ സമ്മേളനം പര്യവസാനിച്ചു.

**സെക്രട്ടറി**
**വിജി സന്തോഷ്**

## സെ. ജോസഫ് കുടുംബകൂട്ടായ്മ 32-ാം വാർഷികദിനാഘോഷം



അയ്യന്തോൾ സെൻ്റ് മേരീസ് അസംപ്ഷൻ ദേവാലയത്തിലെ സെ. ജോസഫ് കുടുംബകൂട്ടായ്മയുടെ 32-ാം വാർഷികദിനം 26.05.2024ന് ഞായറാഴ്ച ആഘോഷിച്ചു. രാവിലെ 6.30ന്റെ കുർബാനയിൽ യൂണിറ്റംഗങ്ങൾ കാഴ്ചസമർപ്പണവും, വായനകൾക്ക് നേതൃത്വവും നൽകി. വൈകീട്ട് 5 pmന് സെ.മേരീസ് പാരിഷ് ഹാളിൽ വെച്ച് പ്രാർത്ഥനയോടുകൂടി ആരംഭിച്ച പൊതുസമ്മേളനത്തിലേക്ക് പ്രസിഡന്റ് സെബാസ്റ്റ്യൻ എലുവത്തിങ്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. സെക്രറി ശ്രീമതി ജെയ്ബി ടോണി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ. ടിന്റോ പോൾ

അവതരിപ്പിച്ച വാർഷിക കണക്കും യോഗം പാസ്സാക്കി. റവ.ഫാ. വർഗ്ഗീസ് എടക്കള ത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് അന്നേദിവസം ആചരിക്കുന്ന പരിശുദ്ധത്രി ത്വത്തിന്റെ തിരുനാളിനെ ഓർമ്മപ്പെടുത്തി. പരി. ത്രിത്വം ഐക്യത്തിന്റെ പ്രതീകമാ ണെന്നും കുടുംബകൂട്ടായ്മകൾ ഐക്യത്തിന്റെ കൂട്ടായ്മയായി മാറുന്നത് സ്നേഹം പ്രകടിപ്പിക്കുമ്പോഴാണെന്നും പറഞ്ഞു. ഒരു വിശ്വാസിയുടെ ജീവിതം അനുദിനം പുതുക്കാനുള്ള വേദിയാണ് കൂട്ടായ്മ എന്നും വി. ഔസേപ്പിതാവ് കാണുന്ന സ്വപ്നം വെറും ഒരു ദിവാസ്വപ്നമല്ലെന്നും ദൈവത്തിനോട് ആലോചന ചോദിച്ച് തരുന്ന പ്രത്യുത്തരങ്ങളാണെന്നും കൂട്ടിച്ചേർത്തു.

കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ മേജോ ജോസ് അധ്യക്ഷസ്ഥാനം വഹിച്ചുകൊണ്ട് സംസാരിച്ചു. വിഷനും മിഷനും എന്തായിരിക്കണമെന്ന് കാണിച്ചു തന്ന ഔസേപ്പിതാവിന്റെ 5 ഗുണങ്ങളെ പറ്റി വിവരിച്ചു. നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ സി. അനിത അഗസ്റ്റിൻ അനുഗ്രഹപ്രഭാഷണം നടത്തി. എല്ലാ കൃപകളും തിളങ്ങിനിന്ന തിരുകുടുംബം ഏറ്റവും മാന്യമായി ദൈവഹിതത്തിന് കീഴ്‌വഴങ്ങി എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത യൗസേപ്പിതാവിനെ മാതൃകയാക്കണ മെന്ന് ആഹ്വാനം ചെയ്തു.

സി. ഹിത ഫ്രാൻസിസ് ആശംസയർപ്പിച്ച് സംസാരിച്ചു. കൂട്ടായ്മയിൽ പങ്കെടുക്കു ന്നതിലൂടെ ഇടവകസമൂഹം സജീവമാകുന്നു. തുടർന്ന് ദൈവവിളി ഉണ്ടാകുന്നു വെന്നും അഭിപ്രായപ്പെട്ടു. ഡീക്കൻ ആൽവിൻ പട്ട്യേക്കൽ കുട്ടികളുടെ സജീവ പങ്കാളിത്തം കൂട്ടായ്മയിലൂടെ സാധ്യമാകുന്നുവെന്ന് പറഞ്ഞു.

ബ്രദർ നിർമ്മൽ താലന്തിന്റെ ഉപമയിലൂടെ നമ്മുടെ കഴിവുകൾ ദൈവത്തിന് വേണ്ടി ഉപയോഗിക്കാമെന്നും അതിനുള്ള ഉത്തമോദാഹരണമാണ് വി. ഔസേപ്പിതാവ് എന്നും പറഞ്ഞു. കൂട്ടായ്മയിൽ ഒരുമിച്ചുകൊണ്ട് മറ്റുള്ളവർക്ക് ക്രിസ്ത്യാനിയാ ണെന്ന സാക്ഷ്യം നൽകാൻ സാധിക്കണമെന്ന് ആശംസിച്ചു. തുടർന്ന് യൂണിറ്റിലെ കുട്ടികളുടെയും വിവിധപ്രായക്കാരുടെയും കലാപരിപാടികൾ അരങ്ങേറി. കുമാരി ടെസ്സി പോളി പരിശുദ്ധമാതാവിനെപ്പറ്റി സ്വയം കൊറിയോഗ്രഫി ചെയ്ത് ഭരതനാട്യം അവതരിപ്പിച്ചു. യൂണിറ്റ് അംഗം ശ്രീ. പോളി പുളിക്കൻ വാർഷികപരിപാടികൾ ഷൂട്ട് ചെയ്ത് യൂറ്റ്യൂബിൽ അപ്ലോഡ് ചെയ്ത് വാർഷികാഘോഷം വേറിട്ടതാക്കി. കലാ പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സി. വിൻസെന്റ് ഡി പോൾ സംഘടന നടത്തിയ പെനാലിറ്റി ഷൂട്ടൗണ്ട് മത്സരത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയ യുവ പ്രതിനിധികൾക്കും സമ്മാനം നൽകി അഭിനന്ദിച്ചു. യൂണിറ്റിൽ കഴിഞ്ഞ ഒരു വർ ഷത്തിനിടെ വേർപ്പെട്ടുപോയവരെ അനുസ്മരിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് ശോഭന തോമസ് പോൾ നന്ദിയർപ്പിച്ചു സംസാരിച്ചു. 7.15 pm നോടുകൂടി കലാപ രിപാടികൾ അവസാനിച്ചു. തുടർന്ന് സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷം സമംഗളം സമാപിച്ചു.

**സെക്രട്ടറി, ജെയ്ബി ടോണി**




# Christening On

**10-02-2024**





## Edwin Asish

S/o Asish Kurian & Angela
Kuttikkate House
Green Park Avenue
Ayyanthole, Trichur

St. Mary's Unit







Glady
&
Christopher

# Wedded on

May 19th, 2024



## Glady

D/o. Mr. Babu VM (late)
& Mrs. Aji Babu
Vilayil House,
Kannapuram P.O.
Chettupuzha

## Christopher

S/o. Mr. Parambi Allesh
& Mrs. Mini Allesh
Parambi House,
Ayyanthole

St. Peter Unit




Betrothal Date 22nd April 2024



## *Bijohn Benny*

*S/o. Mrs. Bindu Benny &*
*Mr. Benny K.P.*
*Kaiparambil Karerakattil House*
*Ayyanthole*

## *Silla Antony*

*D/o. Mrs. Shyni Antony (Late)*
*& Mr. Antony N.R.*
*Nayankara (Chandy) House*
*MRA43, Ayyanthole*



Wedding Date 28th April 2024

St. Joseph Unit

# 11-ാം ചരമവാർഷികം
## 20. 07. 2024





കണ്ണമ്പുഴ അന്തോണി മകൻ

# ജോസഫ്

ജനനം : 16. 06. 1936
മരണം : 20. 07. 2013



പ്രാർത്ഥനാപൂർവ്വം
**സന്തപ്ത കുടുംബാംഗങ്ങൾ**

ഹോളി ഫാമിലി യൂണിറ്റ്

# 16–ാം ചരമവാർഷികം
# 21.07.2024



## കെ.പി. തോമസ് (ബ്യൂട്ടി)
### കരേരക്കാട്ടിൽ ഹൗസ്
അയ്യന്തോൾ

**പ്രാർത്ഥനാപൂർവ്വം : ഭാര്യ, മക്കൾ, പേരക്കുട്ടികൾ**

സെന്റ് സേവിയേഴ്സ് യൂണിറ്റ്

16–ാം ചരമവാർഷികം
13.01.2024



വടക്കൻ അന്തോണി മകൻ
## ഔസേപ്പ്

പാവനസ്മരണയ്ക്ക്



11–ാം ചരമവാർഷികം
06.07.2024



വടക്കൻ ഔസേപ്പ് ഭാര്യ
## ഏല്യ

സെന്റ് ആന്റണീസ് യൂണിറ്റ്

## ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മ

ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മയുടെ ഏട്ടാം വാർഷികം 2024 മെയ് 26ന് ആഘോഷിച്ചു. രാവിലെ 6.30ന് നടന്ന വിശുദ്ധ കുർബാനയിൽ യൂണിറ്റംഗങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും കുർബാനയിലെ വായനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വൈകീട്ട് 5.00ന് കാനാ ഡൈൻ ഹാളിൽ വെച്ച് നടന്ന വാർഷിക പൊതുയോഗത്തിൽ ഏയ്ഞ്ചൽ, ജെൻസി എന്നിവർ ചേർന്ന പ്രാർത്ഥന ഗാനം അവതരിപ്പിച്ചു. കുടുംബ കൂട്ടായ്മ കേന്ദ്രസമിതി പ്രസിഡന്റ് ശ്രീ. മേജോ കെ. ജെ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. സുരേഷ് ജേക്കബ് എല്ലാവർക്കും സ്വാഗതമേകി. സെക്രട്ടറി മിസ് നവീന ജോൺസൻ വാർഷിക റിപ്പോർട്ടും ട്രഷററുടെ അഭാവത്തിൽ പ്രസിഡന്റ് ശ്രീ. സുരേഷ് ജേക്കബ് വാർഷിക കണക്കും അവതരിപ്പിച്ച് യോഗം പാസ്സാക്കി. ഇട വക വികാരി റവ. ഫാ. വർഗ്ഗീസ് എടക്കളത്തൂർ ഉദ്ഘാടന കർമ്മം നിർവഹിച്ച് സംസാരിക്കവേ പരിശുദ്ധ ത്രിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. പ്രതി നിധിയോഗം സെക്രട്ടറി ശ്രീ. നെറ്റോ നെല്ലിശ്ശേരി നടത്തിയ മുഖ്യ പ്രഭാഷണത്തിൽ കുടുംബകൂട്ടായ്മയുടെ പ്രസക്തിയെ പറ്റി സംസാരിക്കുകയും ചെയ്തു.




2024 മെയ് 12 ന് ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മ അംഗങ്ങൾ കൊടുങ്ങല്ലൂർ മുസിരിസ്, അഴിക്കോട് ബീച്ച് എന്നിവിടങ്ങളിലേക്ക് നടത്തിയ വിനോദയാത്ര

നിർമ്മല കോൺവെന്റ് മദർ റവ. സി. അനിത അഗസ്റ്റിൻ ബ്രദർ ആൽ വിൻ പട്ടേക്കൽ, നടത്തു കൈക്കാരൻ ശ്രീ. ബാജു കുര്യൻ, ആനിമേറ്റർ സി. ഹിത ഫ്രാൻസീസ്, ബ്രദർ നിർമ്മൽ, ബ്രദർ പ്രിൻസ് എന്നിവർ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളാംശകൾ നേരുകയുണ്ടായി. വേദപഠനത്തിൽ റാങ്കുകൾ കരസ്ഥമാക്കിയ

വർക്കും മറ്റു ഉന്നത വിജയം നേടിയവർക്കും സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സാഹിത്യ മത്സരവിജയികൾ, നക്ഷത്ര മത്സര വിജയികൾ, കുടുംബകൂട്ടായ്മയിൽ മുടങ്ങാതെ വന്നവർ എന്നിവർക്കും സമ്മാനങ്ങൾ നല്കി. യോഗത്തിൽ 25 ഭവനങ്ങളിൽ നിന്നായി 61 പേർ പങ്കെടുത്തു. വന്നവരുടെ പേരും ഫോൺ നമ്പറും എഴുതി ചേർക്കുകയും ചെയ്തു. യോഗത്തിൽ കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ നടത്തുകയുണ്ടായി. പരിപാടികളിൽ പങ്കെടുത്ത കുട്ടികൾക്കും പ്രോത്സാഹന നമ്മാനം നൽകി. തുടർന്ന് നടന്ന ഡിന്നറിൽ എല്ലാവരും പങ്കുചേരുകയും ചെയ്തു. യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ ജോജോ പാലത്തിങ്കൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. തുടർന്ന് യോഗം അവസാനിച്ചു.

**സെക്രട്ടറി നവീന ജോൺസൺ.**

# ക്രൈസ്തവർ പ്രത്യേക പേരിട്ട് മാമ്മോദീസ മുക്കപ്പെടുന്നതിന്റെ രഹസ്യം

- ജോസഫീന ജോയ്
സെന്റ് മേരീസ് യൂണിറ്റ്

ഒരു വ്യക്തിയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒരു പേരോടുകൂടെ മാമ്മോദീസ മുക്കുന്നു. ദൈവദൃഷ്ടിയിൽ പോലും ഒരു വ്യക്തിയെ ആത്യന്തികമായി അനന്യതയുള്ള വ്യക്തിയാക്കുന്നത് പേരും മുഖവുമാണ്. "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്" (ഏശ 40:1).

ക്രിസ്ത്യാനികൾ വ്യക്തിയുടെ നാമത്തെ ബഹുമാനപൂർവ്വം കൈകാര്യം ചെയ്യുന്നു. എന്തെന്നാൽ പേര് വ്യക്തിയുടെ തനിമയോടും മഹത്വത്തോടും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. സ്മരണാതീതമായ കാലം മുതൽ ക്രൈസ്തവർ തങ്ങളുടെ കുട്ടികൾക്ക് വിശുദ്ധന്മാരുടെ പട്ടികയിൽ നിന്നു പേരുകൾ തിരഞ്ഞെടുത്തിരുന്നു. രക്ഷാധികാരിയായ വിശുദ്ധൻ അവർക്കു മാതൃകയാകുമെന്നും സവിശേഷമാംവിധം അവർക്കുവേണ്ടി ദൈവത്തോടു മാധ്യസ്ഥ്യം വഹിക്കുമെന്നും വിശ്വസിക്കുന്നതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.

# C.L.C. വാർത്തകൾ

## 31/5/24 ന് നടത്തിയ മരിയൻ ക്വിസ് കോമ്പറ്റീഷൻ വിജയികൾ

1st prize - Sudha Antony & Rosy Johney

2nd prize - Babitha Joshy & Vincy Sojan

മത്സരത്തിൽ പങ്കെടുത്ത് സഹകരിച്ച എല്ലാവർക്കും നന്ദി.
വിജയികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

മെയ് മാസം 26ന് അയ്യന്തോൾ സി എൽ സി യുടെ നേതൃത്വത്തിൽ *മാതാവിന്റെ വണക്കമാസം കാലം കൂടൽ *ഗ്രോട്ടോയിൽ വച്ച് ഭക്തിപൂർവ്വം ആഘോഷിച്ചു. അതിനെ തുടർന്നു സ്നേഹവിരുന്ന് നടത്തി.

ലോക പരിസ്ഥിതി ദിന ആചരണത്തിന്റെ ഭാഗമായി സി.എൽ.സി. യുടെ നേതൃത്വത്തിൽ 09-06-2024ന് പള്ളിയിൽ കപ്പ നടുന്നു



## ജൂൺ 1,2 ദിവസങ്ങളിലായി അയ്യന്തോൾ സി എൽ സി യുടെ ആഭിമുഖ്യത്തിൽ നടത്തിയ 5's football tournament

**WINNERS TEAM - HOOLIGANS**




Nestin Davis (C), Briston, Daniel,Jinto,Biffin, Godwin,Irwin,Paul,Aultrin,Edwin

**RUNNERS UP TEAM - MANCHESTER FC**




Ebin Babu (C), Shiyon, Alex, Naveen, Joyal, Bajeo, Evin

Best goalkeeper - Briston (Hooligans)
Best player - Godwin Simon (Hooligans)

ടൂർണമെന്റിനായി സഹകരിച്ച എല്ലാ ടീമുകൾക്കും നന്ദി. ഒപ്പം വിജയികളായ എല്ലാ ടീമംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

# സ്വീകരിക്കൂ നാഥാ അനുഗ്രഹിക്കൂ

- ശോഭന എന്റോ
ഹോളി ട്രിനിറ്റി യൂണിറ്റ്

എല്ലാം നന്മക്കായ് മാത്രം
നാഥനിൽ നമ്മൾ ആശ്രയിച്ചാൽ
ഇരുകൈ നീട്ടി സ്വീകരിക്കും
തിരിച്ചുവരവിനായ് കാത്തിരിക്കും
അമ്മയെപോലെ ഓമനിക്കും
തഴുകി തലോടി മിഴികളൊപ്പും



നേർവഴിവിട്ട് ഞാൻ അലഞ്ഞിടുമ്പോൾ
ഹൃദയം ശൂന്യമായ് തിരഞ്ഞിടുമ്പോൾ
കണ്ടില്ല നാഥനെ ഉലകിലെന്നും
കേട്ടില്ല നാഥനെ ഭൂവിലെന്നും
അറിഞ്ഞില്ല നാഥനെ ഒരിടത്തുമെ.

എങ്കിലും നിൻ സ്നേഹവായ്പിൻ
അനുഭവം ഞങ്ങിൽ കനിഞ്ഞരുളി
ധൂർത്തനെ പോലെന്നെ സ്വീകരിച്ചു
അമ്മയെപോലെന്നെ താലോലിച്ചു
ഒരിക്കലും തീരാത്ത സ്നേഹദാഹം
ശമിപ്പിച്ചു നീ എന്നെ സ്വന്തമാക്കി

ഇനിയെന്നും നിൻസ്നേഹ കാരുണ്യത്തിൽ
ജീവിതം ധന്യമായ് തീർത്തിടുവാൻ
നിൻപ്രിയ മകനായ് (മകളായ്) സ്വീകരിക്കു.
പാപിയാം എന്നെ സ്വീകരിക്കു
സ്വീകരിക്കു നാഥാ അനുഗ്രഹിക്കു
പാപിയാം എന്നെ അനുഗ്രഹിക്കു.




## ലൂക്ക 9 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ

1. "നീ ദൈവത്തിന്റെ ക്രിസ്തു" ഇതു പറഞ്ഞതാര്?
2. ജറുസലെമിൽ നിന്ന് എവിടേയ്ക്ക് പോയ യാത്രക്കാരനെയാണ് കവർച്ചക്കാർ ആക്രമിച്ചത്?
3. യേശു ചെയ്ത മഹനീയ കൃത്യങ്ങളെക്കുറിച്ച് സന്തോഷിച്ചതാരാണ്?
4. നിയമത്തിലെ പുള്ളിയെങ്കിലും അപ്രത്യക്ഷമാകുന്നതിനെക്കാൾ എളുപ്പമെന്താണ്?
5. പ്രതീക്ഷിക്കാത്ത മണിക്കൂറിൽ വരുന്നതാര്?
6. ലൂക്ക 15-ാം അദ്ധ്യായത്തിൽ എത്ര ഉപമകൾ ഉണ്ട്?
7. ഫരിസേയരുടെ എന്താകുന്ന പുളിപ്പിനെ സൂക്ഷിച്ചുകൊള്ളാനാണ് ഈശോ പറയുന്നത്?
8. നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നത് ആര്?
9. ഈ തലമുറയുടെ അടയാളം ആരായിരിക്കുമെന്നാണ് ഈശ പറയുന്നത്?
10. നിയമവും പ്രവാചകന്മാരും ആര് വരെ ആയിരുന്നു?

## ജൂൺ മാസം ശരിയുത്തരങ്ങൾ

1. കർത്താവ്
2. സ്രഷ്ടാവിന്റെ മുമ്പിൽ പാപം ചെയ്യുന്നവന്
3. വ്യഗ്രതകൾ ഒഴിഞ്ഞാലെ
4. കുശവന്റെ
5. അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താൽപര്യമുള്ളവൻ
6. അഗ്നിയും കൻമഴയും, ക്ഷാമവും, മഹാമാരിയും
7. അനീതി പ്രവർത്തിക്കുന്നവന്റെ സമ്പത്ത്
8. കാരുണ്യം
9. പ്രസന്നതയും സൗന്ദര്യവും
10. മരണം

## ശരിയുത്തരങ്ങൾ അയച്ചവർ

1. ജിൻസി ജോസ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്
2. മേരി വിൻസെന്റ്, സെ. പീറ്റർ യൂണിറ്റ്
3. മേരിക്കുട്ടി ജോൺ, ഹോളി ഫാമിലി യൂണിറ്റ്
4. ആർദ്ര ജോമോൻ, സെ. പീറ്റർ യൂണിറ്റ്
5. വിനിഷ ജിജോ, സെ. പീറ്റർ യൂണിറ്റ്
6. സിറിൽ എം. ജോമോൻ, സെ. പീറ്റർ യൂണിറ്റ്
7. ഡെയ്സി അന്തപ്പൻ, സെ. മേരീസ് യൂണിറ്റ്

## നറുക്കെടുപ്പിലൂടെ വിജയിയായത്

**മേരിക്കുട്ടി ജോൺ, ഹോളി ഫാമിലി യൂണിറ്റ്**

## ഉപകാരസ്മരണ

ഈശോയുടെ അനുഗ്രഹത്താലും വി. അന്തോണീസിന്റെയും മാധ്യസ്ഥത്താലും ജപമാല ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി റോഡരികിൽ വെച്ച് നഷ്ടപ്പെട്ട വാച്ച്, അഞ്ചുദിവസത്തിനുശേഷം യാതൊരു കേടുപാടും ഇല്ലാതെ തിരിച്ചുകിട്ടി. ഈശോയോട് ഒരായിരം നന്ദി പറയുന്നു.

**ഒരു വിശ്വാസി**

## അൽഫോൻസാമ്മയുടെ പ്രാർത്ഥന



ഓ! ഈശോനാഥാ! അങ്ങേ ദിവ്യഹൃദയത്തിലെ മുറിവിൽ എന്നെ മറയ്ക്കണമേ. സ്നേഹിക്കപ്പെടുവാനും വിലമതിക്കപ്പെടുവാനുമുള്ള എന്റെ ആഗ്രഹത്തിൽനിന്നു എന്നെ വിമുക്തയാക്കണമേ. കീർത്തിയും ബഹുമാനവും സമ്പാദിക്കണമെന്നുള്ള ദുഷിച്ച ഉദ്യമത്തിൽ നിന്നു എന്നെ രക്ഷിക്കണമേ. ഓരോ പരമ അണുവും അങ്ങേ ദിവ്യഹൃദയത്തിലെ സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും ആകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ. സൃഷ്ടികളെയും എന്നെ തന്നെയും മറന്നുകളയുന്നതിനുള്ള അനുഗ്രഹം എനിക്കു തരണമെ. പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയേ, ലൗകികാശ്വാസങ്ങളെല്ലാം എനിക്കു കയ്പ്പായി പകർത്തണമേ. നീതിസൂര്യനായ എന്റെ ഈശോയേ, നിന്റെ ദിവ്യകതിരിനാൽ എന്റെ ബോധത്തെ തെളിയിച്ച് ബുദ്ധിയെ പ്രകാശിപ്പിച്ച് ഹൃദയത്തെ ശുദ്ധീകരിച്ച് നിന്റെ നേർക്കുള്ള സ്നേഹത്താൽ എരിയിച്ച് എന്നെ നിന്നോടൊന്നിപ്പിക്കണേ ആമ്മേൻ



# ഉരുക്കി വാർത്തെടുക്കുന്ന ദൈവം

**ബീന വിൻസെന്റ്, സെന്റ് മേരീസ് യൂണിറ്റ്**

ഒരാളുടെ പറമ്പിൽ വലിയൊരു പാറക്കല്ല് ഉണ്ടായിരുന്നു. മറ്റു ജോലികൾക്ക് ആ പാറക്കല്ല് ഒരു തടസ്സമായിരുന്നു. ഒരു ദിവസം അയാൾ ആ വലിയ പാറക്കല്ല് ഉരുട്ടി പറമ്പിനു വെളിയിലേയ്ക്ക് തള്ളിയിട്ടു. ആ പ്രദേശത്ത് താമസിച്ചിരുന്ന ഒരു ശില്പി അത് ഉരുട്ടി തന്റെ ശില്പശാലയിൽ കൊണ്ടുവന്നു. ആ പാറക്കല്ലിൽനിന്നും മനോഹരമായ ഒരു വിഗ്രഹം കൊത്തിയുണ്ടാക്കി. പണികഴിഞ്ഞപ്പോൾ ആ ശില്പി അദ്ദേഹം പ്രദർശനത്തിനുവച്ചു. അതുവഴി പോയ ഒരു വ്യക്തി ആ വിഗ്രഹം കാണാനിടയായി. എന്തൊരു ഭംഗിയുള്ള വിഗ്രഹം, അദ്ദേഹം മതിമറന്നു നിന്നു. ശില്പിയെ സമീപിച്ചു. വളരെ ഇഷ്ടപ്പെട്ട വിഗ്രഹത്തിനു എന്തുവിലതരണമെന്ന് അയാൾ അന്വേഷിച്ചു. വളരെ തുച്ഛമായ വിലയായിരുന്നു ശില്പി പറഞ്ഞത് അയാൾക്ക് അതിശയമായി. ഇത്ര ഭംഗിയുള്ള വിഗ്രഹത്തിന് ഇത്രയേ വിലയുള്ളൂ. ശില്പിയോട് അയാൾ ചോദിച്ചു. അപ്പോൾ ശില്പി പറഞ്ഞു: ഈ പാറക്കല്ല് അങ്ങയുടെ പറമ്പിൽ നിന്നിരുന്നതാണ്. അന്നു നിങ്ങൾ വഴിയരികിൽ തള്ളിയിട്ട പാറയിൽ നിന്നുമാണ് ഞാൻ ഈ വിഗ്രഹം നിർമ്മിച്ചത്. ആ വിരൂപമായ പാറക്കല്ലിൽ മനോഹരമായ ഒരു വിഗ്രഹത്തിന്റെ രൂപം ഞാൻ കണ്ടു. ആ കല്ലിൽ നിന്നും വേണ്ടാത്തത് ഞാൻ അടർത്തിക്കളഞ്ഞു.

"താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു" (ഉല്പത്തി 1:31). എന്നാൽ പിശാച് നമ്മോടുപറയും നിന്നിലേയ്ക്ക് നോക്കുക, മറ്റുള്ളവരിലേയ്ക്ക് നോക്കുക അവരെല്ലാം നിങ്ങളെക്കാൾ നല്ലതാണ്. ഒത്തിരി കഴിവുകൾ ഉള്ളവരാണ്, നിങ്ങൾക്ക് ഒരുപാട് കുറവുകളുണ്ട്. കുറവുകളെ നോക്കി നിരാശപ്പെടാൻ പിശാച് നമ്മെ പ്രേരിപ്പിക്കും. അതുമൂലം അപകർഷതയും നിരാശയും മൂലം ജീവിതം പരാജയപ്പെടുന്നത് കാണാം. എന്നാൽ ദൈവത്തിലേയ്ക്ക് കണ്ണുകൾ ഉയർത്തി നോക്കുമ്പോൾ ജീവിതത്തിൽ പരാജയങ്ങളും നിരാശയുമെല്ലാം അകന്നുപോകും. "തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്" (സങ്കീ. 145:18). നമ്മുടെ പ്രതിസന്ധിയിൽ പ്രാർത്ഥനയിലൂടെ ദൈവത്തോട് ചേർന്നു നില്ക്കുക. ദൈവം അറിയാതെയും അനുവദിക്കാതെയും നമ്മുക്കു യാതൊന്നും സംഭവിക്കുകയില്ല. സംഭവിച്ചതെല്ലാം നമ്മുടെ നന്മയ്ക്കായി അവിടുന്നു രൂപപ്പെടുത്തുന്നു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമ 8:28).

വിരൂപമായ പാറയിൽ നിന്നും മനോഹരമായ വിഗ്രഹം ശില്പി ഉണ്ടാക്കിയതുപോലെ, ദൈവത്തിന് ഇഷ്ടമില്ലാത്തതെല്ലാം നമ്മുടെ ജീവിതത്തിൽ നിന്നു മാറ്റിക്കളയണം. അപ്പോൾ മനോഹരമായ വ്യക്തിത്വത്തിന്റെ ഉടമകളായി നാം മാറും. നമ്മുടെ കാഴ്ചപ്പാടിലും പ്രവർത്തനശൈലിയിലും മാറ്റം വരും.

**ദൈവത്തിനുസ്തുതി.**

**മരിയനാദം – കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ *ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ 50വയസ്സിനു മീതെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം***

# വിശുദ്ധ കുർബാന നമ്മുടെ ജീവിതത്തെ എങ്ങിനെ സ്വാധീനിക്കുന്നു?



**മേഴ്സി ജെസിന്റോ, സെന്റ് തോമസ് യൂണിറ്റ്**

നാം എല്ലാവരും വി. കുർബാനയിൽ സംബന്ധിക്കുന്നവരാണ്. നാം വൈദീകനോട് ചേർന്ന് സെഹിയോൻ മാളികയിലെ അപ്പം മുറിക്കൽ ശുശ്രൂഷയും കാൽവരി മലയിലെ ഈശോയുടെ ബലിയും അർപ്പിക്കുന്നു. സെഹിയോൻ മാളികയിൽ ഈശോ തന്റെ ശിഷ്യന്മാർക്ക് അപ്പം കൊടുത്തത് തന്റെ ശരീരം തന്നെ വിഭജിച്ച് കൊടുത്താണ്. അവിടെ കൊടുത്ത വീഞ്ഞ് തന്റെ രക്തം തന്നെയെന്ന് അവർക്ക് അറിയാമായിരുന്നു. അപ്പവും വീഞ്ഞും കൊടുത്തതിനുശേഷം "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന് ഈശോ ശിഷ്യന്മാരോട് പറഞ്ഞിരുന്നു.

കൂദാശകളുടെ കൂദാശയാണ് വി. കുർബാന. കടങ്ങളുടെ പൊറുതിക്കും പാപമോചനത്തിനായും വൈദികൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്. അതിനാൽ വൈദീകൻ അപ്പം എടുത്ത് പ്രാർത്ഥിക്കുമ്പോൾ അപ്പം ഈശോയുടെ ശരീരമായും വീഞ്ഞ് രക്തമായും മാറുന്നു. കാനായിലെ കല്ല്യാണവിരുന്നിന് ഈശോ വെള്ളം വീഞ്ഞാക്കി മാറ്റിയ വിശേഷം എല്ലാവർക്കുമറിയാം. അതുപോലെ വീഞ്ഞിനെ രക്തമാക്കാനും ഈശോയ്ക്ക് സാധിക്കും. ഈശോയിൽ വിശ്വാസമില്ലാത്ത ശാസ്ത്രജ്ഞന്മാർ ഇത് ഈശോയുടെ രക്തമാണെന്ന് തെളിയിട്ടുണ്ട്.

നാം തിരുവോസ്തി സ്വീകരിക്കുമ്പോൾ ഈശോയുടെ ശരീരമാണ് സ്വീകരിക്കുന്നത്. ഈശോയെ സ്വീകരിച്ചാൻ ഈശോ നമ്മിൽ വസിക്കുന്നു എന്നാണർത്ഥം. ഈശോ എന്നിൽ വസിച്ചാൽ നാം ഈശോയിലും വസിക്കും. അതിനാൽ നാം അനശ്വരനായ ഈശോയുടെ അമർത്യത മനസ്സിലാക്കുന്നു. ഈശോ നമ്മുടെ ഉള്ളിൽ വന്നാൽ നാം ഈശോയുടെ പങ്കുകാരായി മാറി, നമ്മുടെ ജീവിതം പിന്നെ ഈശോയെ സ്നേഹിക്കാൻ മാത്രമാകണം. ദിവ്യബലി സമാപിച്ചു എന്ന് പറഞ്ഞ് നമ്മൾ പോകാൻ തിടുക്കം കൂട്ടിയിട്ട് കാര്യമില്ല. നമ്മൾ കർമ്മപരിപാടിയിലും പങ്കെടുക്കണം. നമ്മുടെ മദർതെരേസ അങ്ങനെയാണ്. വൃദ്ധരേയും അശരണരേയും രോഗമുള്ളവരേയും അംഗവൈകല്യമുള്ളവരേയും യേശുവായി കണ്ട് അവരെ ശുശ്രൂഷിച്ചിരുന്നു. അതാണ് ഈശോയ്ക്ക് കൂടുതൽ ഇഷ്ടം. നമ്മുടെ നാട്ടിൽ തന്നെ പലരും അങ്ങിനെ സേവനം ചെയ്യുന്നുണ്ട്.

നമ്മൾ ദാനധർമ്മം ചെയ്താൽ പാപത്തിന് പരിഹാരമുണ്ടാകും എന്ന് ഈശോ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ധാരാളം തെറ്റ് ചെയ്തിട്ട് ദാനധർമ്മം ചെയ്തിട്ട് കാര്യമില്ല. നമ്മുടെ എല്ലാം രഹസ്യങ്ങളും ഈശോക്ക് അറിയാം.
നാം നമ്മെ സ്നേഹിക്കുന്നപോലെ തന്നെ മറ്റുള്ളവരേയും സ്നേഹിക്കണം. അത്യാവശ്യഘട്ടങ്ങളിൽ അവരെ സഹായിക്കണം.
ഈശോ ചെയ്യാത്ത കുറ്റത്തിന് ശിക്ഷ വാങ്ങിച്ച വ്യക്തിയാണ്. 4 കോടതികളിൽ ഈശോയെ വിചാരണ ചെയ്തു. ഈശോയെ ഭാരമുള്ള കുരിശ് ചുമപ്പിച്ചു. കൈകാലുകളിൽ ആണി അടിച്ചു. ചമ്മട്ടി അടി കൊണ്ട് രക്തം ഒഴുകി. എല്ലാ വേദനകളും നമ്മെ രക്ഷിക്കാൻ വേണ്ടി സഹിച്ചു. ഡാനിയേലച്ചന്റെ വാക്കുകൾ കേൾക്കുമ്പോൾ നമുക്ക് സങ്കടം വരും. "ഈശോ ലോകത്തിലേക്ക് പിറന്ന് വീണതും ഈജിപ്തിലേക്ക് ഓടി രക്ഷപ്പെട്ടതും കുർബാനയാകാനാണ്. 30 കൊല്ലം ആശാരിപണി ചെയ്ത് ജീവിച്ചതും 3 കൊല്ലം പരസ്യജീവിതം അർപ്പിച്ചതും കുർബാനയാകാനാണ്. യൂദാസ് ഒറ്റികൊടുത്തതും ഈശോയെ മരണത്തിന് വിധിച്ചതും കുർബാനയാകാനാണ്. ഈശോ ഭാരമുള്ള കുരിശ് താങ്ങി നടന്നതും മുഖം പൊത്തി വീണതും രക്തം വാർന്നൊഴുകിയതും കുർബാനയാകാനാണ്. ഈശോയുടെ കൈകാലുകളിൽ നീളമുള്ള ആണികൾ അടിച്ചുകയറ്റിയതും, വിലാവിൽ കുത്തി മുറിവേല്പിച്ച് രക്തവും വെള്ളവും ഒഴുകിയത് കുർബാനയാകാനാണ്. കഴിയുമെങ്കിൽ ദൈവമേ എന്നെ സഹായിക്കണമെന്ന് ഈശോ പറയുന്നുണ്ടായിരുന്നു. അവസാനം തന്റെ പ്രാണൻ ദൈവമേ ഞാനങ്ങയെ ഏല്പിക്കുന്നുവെന്ന് ".

## ഞങ്ങൾ വരവായി

| രജി. നമ്പർ | ജനനം | മാമ്മോദീസ | |
|---|---|---|---|
| 19/2024 | 21022024 | 12052024 | കുഞ്ഞുവീട്ടിൽ ഷിൽട്ടൻ ജോയ് & സ്നേഹ തോമസ് മകൾ എലിസബത്ത് (ഇഹാന ഷിൽട്ടൻ) |

## ഇടവകയിലേക്ക് വന്നവർ

05-06-2024 ചിറ്റിലപ്പിള്ളി വർഗ്ഗീസ് മകൻ ബേബി (സെന്റ് തോമസ് യൂണിറ്റ്)
10-06-2024 ചാഴൂർ റാഫേൽ ജോസ് (സെന്റ് പോൾസ് യൂണിറ്റ്)

**മരിയനാദം – കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ** ***ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ 50 വയസ്സിനു മീതെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ*** **ചെറുകഥ**

# ജീവിതസായാഹ്നത്തിലേക്ക് ഒരെത്തിനോട്ടം

**മേഴ്സി ജെസിന്റോ**

## ചെയ്യാൻ സാധിക്കാതെ പോയ നന്മകൾ

തോമസ് സാറിന്റെ കഥ പറഞ്ഞ് തുടരാം. ഒരു ദിവസം തോമസ് സാർ ഒരു ഊന്നുവടിയുടെ കഥ ഓർത്തുപോയി. നമ്മളിൽ സ്റ്റാമ്പ് ശേഖരണം, നാണയശേഖരണം, തൂവൽ ശേഖരണം തുടങ്ങിയ ഹോബീസ് പലർക്കും ഉണ്ടാകാം. നമ്മുടെ തോമസ് സാറിന് ഊന്നുവടികളുടെ ശേഖരണത്തിനോടായിരുന്നു പ്രിയം. ഊന്നുവടികൾ എവിടെയുണ്ടെന്ന് കേട്ടാൽ തോമസ് സാർ അവിടെ പാഞ്ഞെത്തും. സാറിന് ഇഷ്ടപ്പെട്ടതാണെങ്കിൽ സാർ എന്ത് വിലകൊടുത്തായാലും അത് വാങ്ങിക്കാൻ ശ്രമിക്കും. ഊന്നുവടിയുടെ നല്ല ശേഖരണം സാറിന്റെ വീട്ടിലുണ്ട്.

ഒരു ദിവസം സാർ പ്രാർത്ഥനയും ഊണും കഴിഞ്ഞ് ഉറങ്ങാനുള്ള ഒരുക്കത്തിലായിരുന്നു. ആ സമയത്ത് കതകിൽ ആരോ മുട്ടുന്ന സ്വരം കേട്ടു. സാർ വന്ന് വാതിൽ തുറന്നു നോക്കി. പരിചയമുള്ള മുഖമാണ്. അദ്ദേഹത്തിന്റെ പേർ ജോസ് എന്നാണ്. സാർ ജോസേ എന്ത് വേണമെന്ന് ചോദിച്ചു. ജോസ് ഭക്ഷണം വേണമെന്ന് പറഞ്ഞു. തോമസ് സാർ വീട്ടിലുണ്ടായിരുന്ന 4 അപ്പവും ഒരു ഗ്ലാസ് വെള്ളവും ജോസിന് കൊടുത്തു. ജോസ് സന്തോഷത്തോടുകൂടി അത് കഴിച്ചു. പോകാൻ നേരത്ത് സാറിനോട് നന്ദിപറഞ്ഞു. ജോസ് വിറക്കുന്നത് കണ്ടപ്പോൾ തോമസ് സാർ അദ്ദേഹത്തിന് ഒരു തൊപ്പിയും കുറച്ചുപൈസയും കൂടി കൊടുത്തു.

ജോസ് പോയപ്പോൾ സാർ വാതിലടച്ച് കിടക്കാൻ പോയി. കിടന്നിട്ട് ഉറക്കം വരുന്നില്ല. ജോസ് തണുത്ത് വിറയ്ക്കുന്നത് ഓർമ്മയിൽ വരുന്നു. അദ്ദേഹം വളരെ അസ്വസ്ഥനായി. ജോസിന്റെ വസ്ത്രം മുഷിഞ്ഞതായിരുന്നു. മാത്രമല്ല അദ്ദേഹം നല്ലപോലെ മദ്യപിച്ചിരുന്നു. ഇക്കാരണത്താൽ വീട്ടിലുണ്ടായിരുന്ന ചൂടുള്ള സൂപ്പ് കൊടുക്കാൻ തോന്നിയില്ല. മാത്രമല്ല വീടിന്റ പിന്നിൽ ഒരു ചെറിയ മുറിയ ഉണ്ടായിരുന്നു. അവിടെ കിടത്താനും ഇഷ്ടപ്പെട്ടില്ല. ജോസ് മുറി വൃത്തികേടാക്കുമെന്ന് ഭയന്ന് ഉറങ്ങാൻ അനുവദിച്ചില്ല. ഇതാണ് സാറിന് ഉറക്കം നഷ്ടപ്പെടാനുള്ള കാരണങ്ങൾ. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഒരു ഊന്നുവടി വേണമോ എന്ന് ചോദിച്ച് ഒരാൾ വീട്ടിൽ വന്നു. തോമസ് സാറിന് ഊന്നുവടിയുടെ ശേഖരണമുണ്ടെന്ന് അയാൾക്കറിയാമായിരുന്നു. ആ വടി കാണാൻ ഭംഗിയുണ്ട്. കലാഭംഗിയോടുകൂടി ചെയ്ത ഒരു വടിയായി

രുന്നു അത്. സാറിന് വടി നല്ല ഇഷ്ടമായി.
സാർ വടി വാങ്ങിച്ചു. എവിടെ നിന്നാണ് കിട്ടിയതെന്ന് ചോദിച്ചു. ഒരാൾ തണുത്ത് വിറച്ച് മരിച്ചു കിടക്കുന്നത് കണ്ട് ആളുകൾ ശ്മശാനത്ത് അടക്കം ചെയ്യാൻ കൊണ്ടു വന്നപ്പോൾ കിട്ടിയതാണെന്ന് പറഞ്ഞു. അപ്പോഴാണ് തോമസ് സാറിന് വടിയുടെ കാര്യം ഓർമ്മവന്നത്. രണ്ടുദിവസം മുമ്പ് ജോസ് വന്നപ്പോൾ ഇതേ ആകൃതിയിൽ നല്ല ഭംഗിയുള്ള വടി ജോസിന്റെ കയ്യിൽ കണ്ടുവെന്ന് സാറിന് ഓർമ്മവന്നു. കാരണം ആ വടിയുടെ അറ്റത്ത് ഒരു കിഴിക്കെട്ട് ഉണ്ടായിരുന്നു. ജോസിന്റെ അന്നുവരെ യുള്ള സമ്പാദ്യമായിരുന്നു ആ കിഴികെട്ടിലുണ്ടായിരുന്നത്.
തോമസ് സാർ ജോസിനെയോർത്ത് കുറേ സങ്കടപ്പെട്ടു. അന്ന് തന്റെ വീട്ടിലെ മുറി യിൽ കിടത്തിയിരുന്നെങ്കിൽ അദ്ദേഹം മരണത്തിൽനിന്നും രക്ഷപ്പെടുമായിരുന്നു. വീട് നാശമാക്കുമെന്ന ചീത്ത ചിന്ത മനസ്സിൽ വന്നതിനാൽ അദ്ദേഹത്തെ സഹായി ക്കാൻ സാധിച്ചില്ല. സാറിന് വല്ലാത്ത സങ്കടം വന്നു. മനസ്സ് അസ്വസ്ഥമായി. നന്മ ചെയ്യാൻ കിട്ടിയ അവസരം നഷ്ടപ്പെടുത്തിയെന്ന് വന്നപ്പോൾ കൂടുതൽ വിഷമമായി. ഇതിൽനിന്നും നന്മചെയ്യാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തരുതെന്ന് ഒരു പാഠം സാർ പഠിച്ചു.
ഈ കഥയിലെ സന്ദേശം: "നന്മചെയ്യാൻ കിട്ടുന്ന അവസരങ്ങൾ ഒരിക്കലും നഷ്ടപ്പെ ടുത്തരുത്". കാരണം നമ്മൾ മറ്റുള്ളവർക്ക് നന്മ ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽ നമുക്ക് സമ്മാനമുണ്ട്. ദാനധർമ്മം ദൈവത്തിന് വളരെ ഇഷ്ടമാണ്. പാപങ്ങൾക്ക് പരിഹാര മാണ്.
ഈ കഥയിൽ നിന്നും ഒരു ബൈബിൾ വചനം നമുക്ക് പഠിക്കാം. പ്രഭാഷകൻ 3-ാം അദ്ധ്യായം 30-ാം വാക്യം "ജലം അഗ്നിയെ ജ്വലിപ്പിക്കുന്നതുപോലെ ദാന ധർമ്മം പാപത്തിന് പരിഹാരമാണ്."

---

## അറിയിപ്പ്

**എല്ലാ മാസവും അവസാനത്തെ ഞായർ മരിയനാദം ഇറക്കുവാൻ തീരുമാനിച്ചതിനാൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ, സംഘടനവാർത്തകൾ, പ്രതിനിധിയോഗ വാർത്തകൾ, ബൈബിൾ ക്വിസ്, ചായമിടൽ മത്സരം എന്നിവ എല്ലാ മാസവും 15-ാം തിയ്യതിക്കുമുമ്പ് നൽകേണ്ടതാണ്.**

**പത്രാധിപസമിതി**

**മരിയനാദം – കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ *ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ 50 വയസ്സിനു മീതെയുള്ള വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ* കവിത.**

# ജീവിതാനന്ദം

ബെറ്റി ആന്റോ

ആനന്ദം സ്നേഹമാണ് പ്രത്യാശയാണ് സോദരാ,
ആനന്ദം വിശ്വാസമാണ്, സമർപ്പണമാണ് സോദരാ,
ആനന്ദം ആശ്രയമാണ് പ്രാർത്ഥനയാണ് സോദരാ,
ആനന്ദം സ്നേഹകടലാണ് സോദരാ

ആനന്ദം നന്മനിറഞ്ഞ ജീവിതമാണ് സോദരാ,
ആനന്ദം വേദന മാറ്റുന്ന ജീവിതമാണ് സോദരാ,
ആനന്ദം ശത്രുവിനെ ചേർത്തുനിർത്തുന്നതാണ് സോദരാ,
ആനന്ദം കാരുണ്യപ്രവാഹമാണ് സോദരാ,

ആനന്ദം ആരോഗ്യമുള്ള ശരീരമാണ് സോദരാ,
ആനന്ദം ആരോഗ്യമുള്ള മനസ്സാണ് സോദരാ,
ആനന്ദം പരസ്പരം പങ്കുവെക്കുന്നതാണ് സോദരാ,
അങ്ങിനെ തിരുകുടുംബമാകുന്നതാണ് ജീവിതാനന്ദം.



# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 15-07-2024-നു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – ജൂൺ 2024**

**ജുവൽ വിൽസൻ, സെന്റ് ജോസഫ് യൂണിറ്റ്**



# സ്വർഗ്ഗത്തിൽ 41-ാം ദിനം

## 09 – 07 – 2024

# കണ്ണനായ്ക്കൽ കാഞ്ഞിരപ്പറമ്പിൽ

# വാറുണ്ണി മകൻ തോമസ്

ജനനം : 01-06- 1935    മരണം 30-05-2024

സെന്റ് ആന്റണീസ് യൂണിറ്റ്

ദുഃഖാർത്തരായ
കുടുംബാംഗങ്ങൾ

JONES




Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393